## സിറ്റിസൺ അദാലത്ത്

പ്രൊസീഡിംഗ്സ് നമ്പർ- **BPIDK30601000006** / IVO -3,

LSGD ,Idukki

dtd 23.07.24

അറക്കുളം ഗ്രാമപഞ്ചായത്തിൽ കുളമാവ് പ്രദേശത്ത് റവ.ഫാദർ ജോർജ്ജ് ആന്റണി , ആശാരിശേരിയിൽ 434 – ഷോലവുഡ്സ് ,കുളമാവ് എന്നയാൾ ടിയാളുടെ ഉടമസ്ഥതയിയിൽ അറക്കുളം വില്ലേജിൽ ബ്ലോക്ക് 25 ൽ സർവ്വേ നമ്പർ 13, 14, 15, 16, 17, 21/2 എന്നിവയിൽ ഉൾപ്പെടുന്ന 6 ഹെ.66 ആർ 77 സ്ക്വ.മീ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷയിൽ പെർമിറ്റ് അനുവദിച്ചിട്ടില്ല എന്നതാണ് പരാതി സംഗതി.

## സെക്രട്ടറിയുടെ റിപ്പോർട്ട്

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 റൂൾ 22/3 പ്രകാരം ടി. നിർമ്മാണത്തിന് അനുവദം കൊടുക്കുന്നതിന് കൂടുതൽ സ്പഷ്ടീകരണം ആവശ്യമുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

## തീരുമാനം

അദാലത്ത് സമിതിയും പഞ്ചായത്ത് ജൂനിയർ സൂപ്രണ്ടും അസിസ്റ്റന്റ് എഞ്ചിനീയറും സംയുക്തമായി സ്ഥല പരിശോധന നടത്തി. അപേക്ഷകന്റെ ജീവനക്കാരും സന്നിഹിതരായിരുന്നു.

അറക്കുളം വില്ലേജിൽ ബ്ലോക്ക് 25 ൽ സർവ്വേ നമ്പർ 13, 14, 15, 16, 17, 21/2 എന്നിവയിൽ ഉൾപ്പെട്ടുവരുന്ന 6 ഹെ.66 ആർ 77 സ്ക്വ.മീ

സ്ഥലത്ത് A1 കാറ്റഗറിയിൽപ്പെടുത്താവുന്ന ഒരു കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നു. ടി കെട്ടിടത്തിന്റെ പുറകു വശത്ത് കെട്ടിടത്തിൽ നിന്നും ഏകദേശം 1.50 മീ. ദൂരത്തായി ഏകദേശം 4 മീ. ഉയരത്തിൽ മൺതിട്ടയുള്ളതും ടി മൺതിട്ടയുടെ കുറച്ച് ഭാഗം ഇടിഞ്ഞു വീണിട്ടുള്ളതായും കാണുന്നു. അപകടകരമായി നിൽക്കുന്ന മൺതിട്ട സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്ന പക്ഷം ടി. കെട്ടിടം റഗുലറൈസ് ചെയ്തു നൽകാൻ സാധിക്കുന്നതാണ്. മേൽ പറഞ്ഞ കെട്ടിടം കൂടാതെ പുതുതായി 3 കെട്ടിടങ്ങൾ കൂടി പണിയുന്നതിനുള്ള പ്രൊപ്പോസൽ ഉൾപ്പടുത്തിയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടി. കെട്ടിടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പ്രഥമദൃഷ്ട്യാ 45 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ളതായി കാണുന്നു. ഇതോടൊപ്പം ടി. സ്ഥലത്ത് രണ്ടു കുന്നുകൾക്കിട യിൽ താഴ്വാരമായി വരുന്ന ഭാഗത്തിലൂടെ ഒഴുകിയിരുന്ന സ്വാഭാവിക നീർച്ചാലുകളിൽ മൂന്ന് തട്ടുകളിലായി ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. പരിശോധനാ വേളയിൽ ടി. ചെക്ക് ഡാമുകൾ മൂന്നും നിറഞ്ഞ് ഒഴുകുന്നത് കണ്ടു. മുമ്പ് ടി. പ്രദേശത്ത് നിർമ്മിച്ചിരുന്ന തടയണ തകർന്ന് നാല് പേർ മരണപ്പെട്ട സംഭവം ഉണ്ടായിട്ടുണ്ട്.

ടി. സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലെ താഴെ ചേർത്തിട്ടുള്ള റൂൾ 22/3, 22/4 ഉം ടി പെർമിറ്റിന് ബാധകമാണെന്ന് അദാലത്ത് സമിതിക്ക് ബോധ്യപ്പെട്ടു.

1. **KPBR റൂൾ 22/(3)-** വെള്ളപ്പൊക്കത്തിന് സാധ്യതയുള്ളതെന്ന് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള ഒരു പ്ലോട്ടിലോ അല്ലെങ്കിൽ വിലങ്ങനെ 45 ഡിഗ്രിയിൽ കൂടുതൽ കോണായി സ്ഥിതിചെയ്യുന്ന ചരിഞ്ഞപ്രദേശങ്ങളിലോ അല്ലെങ്കിൽ വെള്ളം വാർന്നു പോകാത്ത പ്രദേശങ്ങളിലോ അല്ലെങ്കിൽ 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിങ് ആക്റ്റ് പ്രകാരം പ്രാബല്യത്തിലുള്ള ഏതെങ്കിലും മാസ്റ്റർ പ്ലാൻ/വിശദമായ നഗരാസൂത്രണ പദ്ധതി/

ഇടക്കാല വികസന ഉത്തരവ് എന്നിവയിൽ വെള്ളപ്പൊക്ക സാദ്ധ്യതയുള്ള പ്രദേശമാണെന്ന് കാണിച്ചിട്ടുള്ള പ്രദേശത്തോ, അല്ലെങ്കിൽ മണൽ തിട്ടകൾ എന്നിവിടങ്ങളിലോ നടത്തുന്ന അത്തരം കെട്ടിടനിർമ്മാണം ജീവനും, ആരോഗ്യത്തിനും ഹാനികരമല്ലെന്നും പണിസ്ഥലം വെള്ളപ്പൊക്ക ത്തിനോ അല്ലെങ്കിൽ മണ്ണൊലിപ്പിനോ വിധേയമാകത്തില്ലെന്നും അല്ലെങ്കിൽ സെവർലൈനുകൾ, ശുചിത്വം, ജലവിതരണം അല്ലെങ്കിൽ മറ്റ് പൊതുസേവനസൗകര്യങ്ങൾ ഒരുക്കുന്നതിന് പൊതുഫണ്ടിന്റെ അനാവശ്യചിലവ് ഉണ്ടാകില്ലെന്നും ഉടമസ്ഥൻ തെളിവു സഹിതം സെക്രട്ടറിയെ തൃപ്തികരമായി ബോദ്ധ്യപ്പെടുത്തുന്നതുവരെ ആ പ്ലോട്ടിൽ ഭൂവികസനമോ അല്ലെങ്കിൽ പുനർവികസനമോ നടത്താനോ അല്ലെങ്കിൽ കെട്ടിട നിർമ്മാണം നടത്താനോ പാടുള്ളതല്ല.

2. KPBR റൂൾ 22/(4)- പ്രകൃതിദത്തമായ അരുവികളെയോ ജലസ്രോതസ്സുകളെയോ തടസ്സപ്പെട്ടു ത്തുന്ന വിധത്തിൽ യാതൊരു നിർമ്മാണപ്രവർത്തനങ്ങളും ഒരു പ്ലോട്ടിൽ നടത്താൻ പാടില്ല. ഈ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ 2005-ലെ (2005-ലെ 53-ാം കേന്ദ്ര ആക്റ്റ്) ദുരന്തനിവാരണ നിയമത്തിലെ 51-ാം വകുപ്പ് പ്രകാരമുള്ള ശിക്ഷയ്ക്ക് വിധേയനാകുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള KPBR റൂൾ 22/(3) പ്രകാരമുള്ള തടസ്സങ്ങൾ ഉണ്ടാകില്ല എന്ന് തെളിയിക്കുന്ന രേഖകൾ ഹാരാക്കു ന്നതിനും KPBR റൂൾ 22/(4) പ്രകാരം ടി പ്രദേശത്ത് നിർ മ്മിച്ചിട്ടുള്ള ചെക്ക് ഡാമുകളിൽ അധിവൃഷ്ടി സമയത്ത് ഉണ്ടാകുന്ന അധിക ജലം ഒഴുകി പോകുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനും അപേക്ഷകന് നിർദ്ദേശം നൽകിക്കൊണ്ട് ഫയൽ നടപടികൾ അവസാനിപ്പിച്ചു തീരുമാനിച്ചു.

പി.എം. അബ്ദുൾ സമദ്,

ഇന്റേണൽ വിജിലൻസ് ഓഫീസർ-2 & 3,

തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.

ABDULSAMAD P.M
PEN - 573457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603